പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1885 — 07.03.2018 -ൽ മറുപടിക്ക്.

## ഇന്ധന ലഭ്യതയിലെ കൃത്രിമം തടയുന്നതിന് മാർഗങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ഇ.ടി.ടൈസൻ മാസ്റ്റർ**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) പെട്രോൾ, ഡീസൽ വില വർദ്ധനമൂലം ജനങ്ങൾ കഷ്ടപ്പെടുന്ന സാഹചര്യത്തിൽ പെട്രോൾ പമ്പുകളിൽ ഇന്ധനം വിതരണം ചെയ്യുന്നതിൽ വ്യാപകമായ വെട്ടിപ്പ് നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) വ്യാപകമായ വെട്ടിപ്പുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പെട്രോൾ പമ്പുകളിൽ തുടർച്ചയായി ലീഗൽ മെട്രോളജി വകുപ്പ് മിന്നൽ പരിശോധനകൾ നടത്തുകയും ക്രമക്കേട് കണ്ടെത്തുന്ന പക്ഷം നിയമാനുസരണം നടപടി സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്. |
| (ബി) കൃത്യ അളവിൽ ഇന്ധനം വാഹനങ്ങളിൽ നിറയ്ക്കാൻ സഹായിക്കുന്ന പൾസർ കാർഡുകളിൽ ചിപ്പ് ഉപയോഗിച്ച് കൃത്രിമം നടത്തുന്നത് തടയുന്നതിന് സ്വീകരിച്ച മാർഗങ്ങൾ വ്യക്തമാക്കുമോ ; | (ബി) ചിപ്പ് ഉപയോഗിച്ച് കൃത്രിമം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപ്രകാരമുള്ള കൃത്രിമം തടയുന്നതിനായുള്ള പുതിയ പൾസറുകൾ വയ്ക്കുന്നതിന് ഇന്ത്യയൊട്ടാകെ സ്വീകരിച്ച നടപടികൾ കേരളത്തിലും ലീഗൽ മെട്രോളജി വകുപ്പ് ആരംഭിച്ചിട്ടുണ്ട്. പെട്രോൾ പമ്പുകളിലെ കൃത്രിമം ഒഴിവാക്കുന്നതിന്റെ ഭാഗമായി ഓയിൽ മാർക്കറ്റിംഗ് കമ്പനി ഉദ്യോഗസ്ഥർ പെട്രോളിയം ഔട്ട്-ലെറ്റുകളിൽ ത്രൈമാസ പരിശോധന നടത്തുകയും അളവിന്റേയും ഗുണനിലവാരത്തിന്റേയും കൃത്യത ഉറപ്പ് വരുത്തുകയും ചെയ്യാറുണ്ട്. ഇതുകൂടാതെ പെട്രോളിയം ഔട്ട്-ലെറ്റുകളിൽ മൾട്ടി ഡിസിപ്ലിനറി വിഭാഗവും ആന്റി അഡൾട്ടറേഷൻ സെല്ലും പരിശോധന നടത്താറുണ്ട്. |
| (സി) ഫ്ലോ മീറ്റർ പരിശോധന വഴി ഇന്ധനം ഇന്ധന കമ്പനികളിൽ നിന്ന് പമ്പുകളിലെത്തിക്കുന്നതിനിടെ കൃത്രിമം നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ; | (സി) ഇന്ധനം നിറച്ച ടാങ്കർ ലോറിയിലെ അളവിലെ കൃത്യത പുന:പരിശോധനയിലൂടെ ഉറപ്പ് വരുത്തുന്നു. ഇന്ധന വിതരണ കമ്പനിയിൽ നിന്നും ഇന്ധനം ടാങ്കർ ലോറിയിൽ നിറച്ച് കൊണ്ട് വരുന്നത് പെട്രോൾ പമ്പിലെത്തുമ്പോൾ കുറവുണ്ടാകുന്നത് സംബന്ധിച്ച പരാതി ലഭിച്ചാൽ അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇന്ധന ലഭ്യതയിൽ കൃത്രിമം നടക്കുന്നുണ്ടെന്ന് ഉപഭോക്താവിന് തോന്നിയാൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; | (ഡി) | അളവിൽ കുറവുള്ള പക്ഷം പരാതിക്കാരന് ലീഗൽ മെട്രോളജി വകുപ്പുമായി ബന്ധപ്പെടാവുന്നതാണ്. അളവിൽ വ്യത്യാസം ഉള്ളതായ സംശയം ദൂരീകരിക്കുന്നതിന് പമ്പിൽ മുദ്ര ചെയ്ത് സൂക്ഷിച്ചിട്ടുള്ള 5 ലിറ്റർ/ 10 ലിറ്റർ കോണിക്കൽ മെഷറിൽ അളന്ന് കാണിക്കുവാൻ ഉപഭോക്താവിന് ആവശ്യപ്പെടാവുന്നതാണ്. ഇതിനു പുറമെ ഉപഭോക്താക്കളുടെ പരാതികൾ ടോൾ ഫ്രീ നമ്പരിൽ രജിസ്റ്റർ ചെയ്യുകയോ അല്ലെങ്കിൽ അതാത് ഓയിൽ കമ്പനികളുടെ വെബ്സൈറ്റിൽ പരാതികളും നിർദ്ദേശങ്ങളും രേഖപ്പെടുത്തുകയോ ചെയ്യാവുന്നതാണ്. |
| (ഇ) | പമ്പിൽ വച്ചു തന്നെ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് മാർഗ്ഗങ്ങളുണ്ടോ എന്നറിയിക്കുമോ ? | (ഇ) | പെട്രോളിന്റെയും ഡീസലിന്റെയും ഗുണനിലവാരം പരിശോധിക്കാൻ സഹായിക്കുന്ന ടെസ്റ്റ് കിറ്റ്സും മറ്റ് ഉപകരണങ്ങളും എല്ലാ പെട്രോളിയം ഔട്ട്‌ലെറ്റുകളിലും ലഭ്യമാണ്. |

**സെക്ഷൻ ഓഫീസർ**